# Malayala Manorama

## 19 August 2018

## Kottayam, Flood, Rain Havoc

### കോട്ടയം

# കരകാണാതെ



- വൈക്കം, തലയോലപ്പറമ്പ്, കുമരകം, കല്ലറ, ചങ്ങനാശേരി മേഖലയുടെ പടിഞ്ഞാറൻ ഭാഗങ്ങളിൽ കടുത്ത പ്രളയം. മഴ കുറഞ്ഞിട്ടും ജലനിരപ്പ് ഉയരുന്നു.
- ഈരാറ്റുപേട്ടയിൽ ഉരുൾ പൊട്ടലെന്നു വ്യാജ പ്രചാരണം. വാഗമൺ മലയിൽ കനത്ത മഴ മൂലം പുഴ മീനച്ചിലാർ കലങ്ങി മറിഞ്ഞു വന്നതാണ് പ്രചാരണത്തിനു കാരണം. മീനച്ചിലാറിലെ ജലനിരപ്പ് ഇന്നലെ ഉച്ചയ്ക്ക് മൂന്നടിയോളം പാലായിൽ ഉയർന്നു.
- കുമരകം മേഖലയിൽനിന്നു താമസക്കാർ കോട്ടയത്തേക്കു പാലായനം ചെയ്യുന്നു. വൈക്കം മേഖലയിലെ ജനങ്ങൾ സമീപ പ്രദേശത്തേക്കും ക്യാംപുകളിലേക്കും മാറുന്നു.
- കോട്ടയം ജില്ലയിൽ രക്ഷാ പ്രവർത്തനത്തിനു സൗകര്യങ്ങളില്ല. ബോട്ടു പോലുമില്ലാത്തതിനാൽ കെഎസ്ആർടിസി ബസ് സ്റ്റാൻഡിൽനിന്നു ലഭിച്ച ട്യൂബിൽ കാറ്റു നിറച്ച് ഏണി കെട്ടി വച്ചാണ് പ്രവർത്തനം. ജീവനക്കാരും കുറവ്. ഇന്നലെ വൈകിട്ടോടെ കൊല്ലത്തുനിന്നു ബോട്ടുകൾ എത്തി. ടോറസ് ലോറികൾ എടുത്താണ് കുട്ടനാട്ടിൽനിന്ന് ആളുകളെ രക്ഷിക്കുന്നത്.
- ഇന്നലെ കുട്ടനാട്ടിൽ നിന്ന് അര ലക്ഷത്തോളം പേരെ ചങ്ങനാശേരിയിൽ എത്തിച്ചു.